**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3479** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ ഫാം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ഫാമുകളിലാണ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളിൽ ഫാം ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>**(1) സംസ്ഥാന പച്ചക്കറിത്തോട്ടം, വണ്ടിപ്പെരിയാർ**<br><br>വിനോദ സഞ്ചാരികൾ, വിദ്യാർത്ഥികൾ, കർഷകർ, പൊതു ജനങ്ങൾ എന്നിവർക്ക് ഫാമിലെത്തി കൃഷി രീതികൾ കണ്ടു പഠിക്കുന്നതിനും ഉത്പന്നങ്ങൾ വാങ്ങുന്നതിനും സൗകര്യം ഒരുക്കുന്നതിനായി ആർ.കെ.വി.വൈ പദ്ധതിയിൽ 68 ലക്ഷം രൂപ വിനിയോഗിച്ച് വിനോദ സഞ്ചാരികൾക്കുള്ള ട്രക്കിംഗ് പാത്ത്, ലാൻഡ് സ്കേപ്പിംഗ്, ഫാം റോഡുകൾ, പൂന്തോട്ടം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ താമസ സൗകര്യം ഒരുക്കിയിട്ടില്ല.<br><br>**(2) ഓറഞ്ച് പച്ചക്കറിത്തോട്ടം, നെല്ലിയാമ്പതി**<br><br>ഓറഞ്ച്, നാരകം, ശീതകാല പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കൃഷി രീതി പഠിക്കുന്നതിനും അവയുടെ നടീൽ വസ്തുക്കൾ വാങ്ങുന്നതിനും ഫാം പ്രദേശത്തെ പ്രകൃതി രമണീയത ആസ്വദിക്കുന്നതിനും ഫാമിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിന് ഗസ്റ്റ് ഹൗസ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, നാല്പതോളം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ (പഴച്ചാറുകൾ, ഫാം ടൂറിസം ജാം, ജെല്ലി എന്നിവ) ഫാമിൽ തയ്യാറാക്കി വിൽക്കുന്നുണ്ട്.<br><br>**(3) ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം**<br><br>ഫാം ടൂറിസവുമായി ബന്ധപ്പെട്ട് 2019-2020ആർ.കെ.വി.വൈ. പദ്ധതിയിൽ 50 കോടി രൂപയുടെ പ്രവർത്തനങ്ങൾ കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | മത്സ്യ കുളങ്ങൾ, വിവിധ വിളകളുടെ മ്യൂസിയം, കൂൺ കൃഷി യൂണിറ്റുകൾ, കുളങ്ങൾ, ചെറുകിട സംസ്കരണ യൂണിറ്റുകൾ, വിൽപന ഗ്യാലറികൾ, ഗസ്റ്റ് ഹൗസ് എന്നിവയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br><br>**(4) ജില്ലാ കൃഷിത്തോട്ടം, അഞ്ചൽ**<br><br>കൊല്ലം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 2020-21 ൽ 50 ലക്ഷം രൂപ ചിലവഴിച്ച് ഫാം ടൂറിസം നടപ്പിലാക്കുന്നതിനായി കുട്ടികളുടെ പാർക്ക്, കൃത്രിമ കുളം വാട്ടർ ഫൗണ്ടൻ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, വിവിധ വിളകളുടെ മ്യൂസിയം, പനിനീർ പുഷ്പ പൂന്തോട്ടം, പുൽത്തകിടി, മറ്റ് അലങ്കാരച്ചെടികൾ എന്നിവ വച്ച് ഫാം മോടിപിടിപ്പിച്ചു.<br><br>**(5) ജില്ലാ കൃഷിത്തോട്ടം, കുത്താളി**<br><br>ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കുട്ടികളുടെ പാർക്ക് നിലവിലുണ്ട്. നടപ്പാതയുടെ നിർമ്മാണം, ഫാം മോടിപിടിപ്പിക്കൽ എന്നിവയും പൂർത്തിയായി.<br><br>**(6) സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ആലുവ**<br><br>നബാർഡിന്റെ ധനസഹായമുള്ള ആർ.ഐ.ഡി.എഫ്. XXVII-ൽ ഉൾപ്പെടുത്തി 6.78 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംയോജിത കൃഷി രീതികൾ പഠിക്കുന്നതിനും ഫാമിന്റെ പ്രകൃതി രമണീയത ആസ്വദിക്കുന്നതിനും അനേകം കർഷകരും സന്ദർശകരും ഫാമിൽ എത്തുന്നുണ്ട്. ഫാമിന്റെ വികസനത്തിനും ടൂറിസം നടപ്പിലാക്കുന്നതിനുമായി ഫാമിന് സമീപമുള്ള പുഴയ്ക്ക് കുറുകെ തൂക്കുപാലം, പുഴയോര സംരക്ഷണം, ബോട്ട് ജെട്ടി, ഫാം റോഡ്, ഓഫീസ് കെട്ടിടം നവീകരണം, തൊഴിലാളികളുടെ വിശ്രമ ഷെഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കായും ടി പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ, ഫാമിൽ പരിശീലന പരിപാടികൾ നടത്തപ്പെടുന്നതിനാൽ പരിശീലന കേന്ദ്രം, ശുചിമുറികൾ എന്നിവ നിർമ്മിക്കുന്നതും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ സംസ്ഥാന വെജിറ്റബിൾ ഫാമിൽ നടപ്പിലാക്കിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ | (ബി) | ഇടുക്കി ജില്ലയിലെ സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ ഫാം ടൂറിസം നടപ്പിലാക്കുന്നുണ്ട്. 14.02.2019-ൽ മുൻ കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാർ അവർകൾ തുടക്കം കുറിച്ച |

| | | | |
|---|---|---|---|
| | ആയതിന്റെ ഉത്ഘാടനം നടന്ന തീയതിയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; | | ടി പദ്ധതി 05.02.2022-ന് പൂർത്തിയാകുകയും ടി ഫാം ടൂറിസം പദ്ധതി അദ്ദേഹം ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. നിലവിൽ ഫാം സന്ദർശിക്കുന്നതിന് നിരവധി ടൂറിസ്റ്റുകൾ എത്തുന്നുണ്ട്. ഫാം ടൂറിസവുമായി ബന്ധപ്പെട്ട് മത്സ്യ കൃഷിയ്ക്കു പുറമെ നാടൻ പശുക്കൾ, അലങ്കാര കോഴികൾ, നാടൻ കോഴികൾ എന്നിവയെയും ഫാമിൽ പരിപാലിച്ചു വരുന്നു. |
| (സി) | കഴിഞ്ഞ രണ്ട് വർഷക്കാലം പ്രസ്തുത പദ്ധതി മെച്ചപ്പെടുത്തുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | സന്ദർശകർക്ക് ഫാം ഉത്പന്നങ്ങൾ വാങ്ങുന്നതിനായി ഒരു വിപുലമായ സെയിൽസ് കൗണ്ടർ പ്രവർത്തിച്ചുവരുന്നു. ആയതിൽ ഫാമിലെ ഉത്പന്നങ്ങളായ പച്ചക്കറികൾ, അലങ്കാരച്ചെടികൾ, പച്ചക്കറി വിത്തുകൾ, കോഴിമുട്ട, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നു. ഫാം ടൂറിസം പദ്ധതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ക്യാന്റീൻ പണിയുന്നതിനായി പി.ഡബ്ല്യൂ.ഡി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്കായി 4401-00-104-98 ശീർഷകത്തിൽ (ഫാമുകളുടെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായുള്ള സ്കീമിൽ) 47 ലക്ഷം രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഫാമുകളിൽ വെറുതെ കിടക്കുന്ന ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇത് മുഖേന തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഫാമിലെ കൃഷി ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 14 ലക്ഷം രൂപയും, ജലസേചനത്തിനായി 12.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഫാമുകളിലെ തരിശ്ശു ഭൂമിയിലെ അടിക്കാട് യന്ത്രമുപയോഗിച്ച് വെട്ടിമാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം കൂടുതൽ സ്ഥലം കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കാനാകും. |

സെക്ഷൻ ഓഫീസർ